ആഗസ്റ്റുമാസം 15-നു മുൻപ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ മുഴുവൻ തുകയും ബന്ധപ്പെട്ട തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

(ബി) സ്ഥലം റവന്യൂ വകുപ്പിൽനിന്നും ഏറ്റെടുത്തശേഷം, ഏറ്റെടുത്ത വസ്തുവിൽ അവശേഷിക്കുന്ന കെട്ടിടഭാഗങ്ങൾ പൊളിച്ചുനീക്കി സ്ഥലം പി. ഡബ്ല്യൂ. ഡി.ക്ക് കൈമാറുന്ന ജോലി മാത്രമേ ട്രിഡയിൽ അവശേഷിച്ചിട്ടുള്ളൂ.

(സി) പ്രസ്തുത റോഡിന്റെ വികസനത്തിനായി സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ 28-6-2004-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.†

മെഡിക്കൽ കോളേജുകളുടെ വികസനപ്രവർത്തനം

232 [3204] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
„ *ടി. കെ. ദേവകുമാർ:*
„ *കെ. രാധാകൃഷ്ണൻ:*
„ *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

(ബി) അവ ഓരോന്നിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനം മെഡിക്കൽ കോളേജ് കോംപ്ലക്സിലേക്ക് മാറ്റുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്നും ഏതെല്ലാം വിഭാഗമാണ് വണ്ടാനം മെഡിക്കൽ കോളേജ് കോംപ്ലക്സിലേക്ക് മാറ്റിയിട്ടുള്ളത്;

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനം മെഡിക്കൽ കോളേജിലേക്ക് മാറ്റിസ്ഥാപിക്കുമ്പോൾ പുതുതായി ആവശ്യം വരുന്ന തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(എഫ്) തൃശ്ശൂർ ടൗൺ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി) & (ഡി) ആലപ്പുഴ മെഡിക്കൽ കോളേജ് ടൗൺ ആശുപത്രിയിൽനിന്നും തൃക്ക് രോഗചികിത്സ, മാനസിക രോഗചികിത്സ, ക്യാൻസർ ചികിത്സാവിഭാഗം, ഫിസിക്കൽ മെഡിസിൻ വിഭാഗം, എന്നിവകൂടാതെ ഇപ്പോൾ കുട്ടികളുടെ വിഭാഗവും വണ്ടാനത്തേക്ക് മാറ്റിയിട്ടുണ്ട്. കുട്ടികളുടെ ശസ്ത്രക്രിയാവിഭാഗവും, ഗൈനക്കോളജി വിഭാഗവും എത്രയും പെട്ടെന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പുതുതായി 97 തസ്തികകൾ അനുവദിച്ചുകഴിഞ്ഞു.

(എഫ്) തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയാക്കികഴിഞ്ഞു. ഇതിനാവശ്യമായ 92 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെ ഓഡിറ്റിംഗ്

233 [3206] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
„ *ടി. കെ. ദേവകുമാർ:*
„ *എ. കെ. ബാലൻ:*
„ *കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ യാതൊരു വ്യവസ്ഥയുമില്ലാതെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ കണക്കുകൾ ഓഡിറ്റിന് വിധേയമാണോ;

(സി) കോടിക്കണക്കിന് രൂപയുടെ വിനിയോഗം നടത്തുന്ന പ്രസ്തുത എച്ച്. ഡി. സി.-കളെ നിയമപരമായി ഓഡിറ്റിംഗിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എച്ച്. ഡി. സി. കളുടെ വരവു ചെലവു ഓഡിറ്റ് ചെയ്യുന്ന ചുമതല അക്കൗണ്ടന്റ് ജനറലിനേയോ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനേയോ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly